A

സമഗ്ര ശിക്ഷാ കേരളം

GI 606

# ആത്യന്തിക വിലയിരുത്തൽ II 2025-2026

## അടിസ്ഥാനശാസ്ത്രം – വിലയിരുത്തൽ സൂചകങ്ങൾ

ക്ലാസ്: 6 സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

- 6 ചോദ്യങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.
- ഓരോ പ്രവർത്തനവും വിലയിരുത്തി ഗ്രേഡ് a, b, c, d, e രേഖപ്പെടുത്തണം.
- ഓരോ ചോദ്യത്തിനും ലഭിച്ച ഗ്രേഡ് പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് വിഷയത്തിനുള്ള ഗ്രേഡ് A/B/C/D/E നൽകണം.

| ശതമാനം | ഗ്രേഡ് |
|---|---|
| 80-100 | A - Outstanding |
| 60-79 | B – Very Good |
| 40-59 | C - Good |
| 30-39 | D - Satisfactory |
| 30ൽ താഴെ | E – Needs Improvement |

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ആവശ്യമായ പിന്തുണ നൽകേണ്ടതാണ്.

---

1. പഠനലക്ഷ്യം:-

- നിരീക്ഷണം, വിവരശേഖരണം, അപഗ്രഥനം എന്നിവയിലൂടെ പൂക്കളിൽ നിന്നും ഫലങ്ങളും വിത്തുകളും ഉണ്ടാകുന്ന രീതി കണ്ടെത്തുന്നതിനും ലഘുഫലങ്ങൾ, പുഞ്ജഫലങ്ങൾ, സംയുക്തഫലങ്ങൾ, കപടഫലങ്ങൾ എന്നിവയെ തിരിച്ചറിയുന്നതിനും.

**വിലയിരുത്തൽ സൂചകങ്ങൾ**

a) രണ്ടിലും പൂക്കൾ കുലകളായിട്ടാണ് കാണുന്നത് (1)
മാവിൽ അണ്ഡാശയം വളർന്ന് ഫലമായിമാറുന്നു. കശുമാവിൽ പൂഞെട്ട് വളർന്ന് ഫലമായി മാറുന്നു. (1)

b) മാമ്പൂവിന്റെ അണ്ഡാശയത്തിൽ ഒരു ഓവ്യൂളും പാവൽപൂവിന്റെ അണ്ഡാശയത്തിൽ ധാരാളം ഓവ്യൂളുകളും കാണപ്പെടുന്നു. (2)

c) iii) മാത്രം ശരി (1)

**2.(A).** പഠനലക്ഷ്യം:-

- പരീക്ഷണം, നിരീക്ഷണം, അനുഭവങ്ങൾ പങ്കുവയ്ക്കൽ, താരതമ്യം ചെയ്യൽ, അപഗ്രഥനം, യുക്തിചിന്ത എന്നിവയിലൂടെ ഒരു പദാർഥത്തിന്റെ എല്ലാ ഗുണങ്ങളുമുള്ള ഏറ്റവും ചെറിയ കണികയാണ് തന്മാത്രയെന്ന് തിരിച്ചറിയുന്നതിന്.

**വിലയിരുത്തൽ സൂചകങ്ങൾ**

a) C 1b, 2 c, 3 a (1)

b) ജലതന്മാത്രകൾ അകന്നിരിക്കുന്നതിനാൽ ജലത്തിന് നിശ്ചിത ആകൃതി ഇല്ല. ഐസിൽ തന്മാത്രകൾ അടുത്തിരിക്കുന്നതിനാൽ ഐസിന് നിശ്ചിത ആകൃതിയുണ്ട്. (2)

c) ശരിയാണ് വായുവിൽ നൈട്രജൻ, ഓക്സിജൻ, കാർബൺ ഡൈ ഓക്സൈഡ് തുടങ്ങി വിവിധ ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. അതിനാൽ അത് മിശ്രിതമാണ്. (1)
കാർബൺ ഡൈ ഓക്സൈഡിൽ ഒരേയിനം തന്മാത്രകൾ അടങ്ങിയിരിക്കുന്നു അതിനാൽ അത് ശുദ്ധ പാദാർഥമാണ്. (1)

**അല്ലെങ്കിൽ**

**2.(B).** പഠനലക്ഷ്യം:-

- മിശ്രിതങ്ങളിലെ ഘടകപദാർഥങ്ങളുടെ സ്വഭാവമനുസരിച്ചാണ് അവയിലെ ഘടകങ്ങളെ വേർതിരിക്കുന്ന രീതികൾ തിരഞ്ഞെടുക്കുന്നത് എന്ന് തിരിച്ചറിയുന്നതിന്.

**വിലയിരുത്തൽ സൂചകങ്ങൾ**

a) A. ഭാരത്തിലുള്ള വ്യത്യാസം
B. വലുപ്പത്തിലുള്ള വ്യത്യാസം അല്ലെങ്കിൽ ലയനത്തിലുള്ള വ്യത്യാസം.
C. ഭാരത്തിലുള്ള വ്യത്യാസം അല്ലെങ്കിൽ വെണ്ണ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു.
D. വലുപ്പം, നിറം എന്നിവയിലെ വ്യത്യാസം. (2)

b) മിശ്രിതം വെള്ളത്തിൽ ലയിപ്പിച്ച് മണലരിച്ചെടുക്കുക. ഉപ്പുവെള്ളം ബാഷ്പീകരിച്ച് ഉപ്പും വെള്ളവുമായി വേർതിരിക്കുക (2)

c) C ലയിക്കുന്നതിലുള്ള വ്യത്യാസം (1)

**3. (A) പഠനലക്ഷ്യം:**

- നിരീക്ഷണം, വിവരശേഖരണം, അപഗ്രഥനം എന്നിവയിലൂടെ പരാഗണം, സ്വപരാഗണം, പരപരാഗണം എന്നിവയുടെ സവിശേഷതകൾ കണ്ടെത്തുന്നതിനും പൂവിന്റെ സവിശേഷതകളും പരാഗണകാരികളും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നതിനും.

**വിലയിരുത്തൽ സൂചകങ്ങൾ**

a) ജാതിമരം ഏകലിംഗസസ്യമാണ് എന്നെഴുതി വിശദീകരിച്ചിട്ടുണ്ട്. (2)

b) A. കാറ്റ് B. ഭാരം കുറഞ്ഞ പരാഗരേണുക്കൾ C. നിറം, മണം, തേൻ ഇവയിലേതെങ്കിലും ഒന്നെഴുതിയിട്ടുണ്ട്.
D. രാത്രിയിൽ വിരിയുന്ന പൂക്കളുള്ള ഏതെങ്കിലും ഒരു സസ്യത്തിന്റെ പേരെഴുതിയിട്ടുണ്ട് (2)

c) B. ii, iii ശരി (1)

**അല്ലെങ്കിൽ**

**3. (B) പഠനലക്ഷ്യം**

- നിരീക്ഷണം, വിവരശേഖരണം, അനുഭവവിവരണം, ചിത്രവിശകലനം എന്നിവയിലൂടെ പൂക്കളുടെ വൈവിധ്യം കണ്ടെത്തുന്നതിനും പൂക്കളുടെ ഭാഗങ്ങൾ, അവയുടെ ധർമ്മം എന്നിവ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിനും.

**വിലയിരുത്തൽ സൂചകങ്ങൾ**

a) A. പരാഗണസ്ഥലം, B. ഒവ്യൂൾ, C. പുഷ്പാസനം എന്നിവ അടയാളപ്പെടുത്തിയിട്ടുണ്ട്. (3)

b) i. പരാഗരേണു പരാഗണ സ്ഥലത്ത് പതിക്കുന്നു.
ii. പരാഗരേണു ജനിദണ്ഡിലൂടെ ഒരു നാളിയായി വളരുന്നു.
iii. നാളിയിലൂടെ പുംബീജം അണ്ഡാശയത്തിലെത്തുന്നു.
iv. പുംബീജം അണ്ഡവുമായി ചേർന്ന് സിക്താണ്ഡമാകുന്നു. (2)

**4. പഠനലക്ഷ്യം**

- നിരീക്ഷണം, വിവരശേഖരണം, എന്നിവയിലൂടെ കാന്തത്തിനു ചുറ്റും കാന്തികമണ്ഡലവും കാന്തികമണ്ഡല രേഖകളുമുണ്ടെന്നും കാന്തികബലം കൂടുതൽ അനുഭവപ്പെടുന്നത് ധ്രുവങ്ങളിലാണെന്നും ധാരണ നേടുന്നതിന്.

**വിലയിരുത്തൽ സൂചകങ്ങൾ**

a) അനുയോജ്യമായ സാമഗ്രികൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ. (1)
കാന്തത്തിന്റെ ആകർഷണ വികർഷണ തത്വം പ്രയോജനപ്പെടുത്തി കളിപ്പാട്ടം രൂപകല്പന ചെയ്തിട്ടുണ്ട്. (2)

b) 1, 3 ആകർഷിക്കുന്നു. 2, 4 വികർഷിക്കുന്നു. (1)
കാരണം എഴുതിയിട്ടുണ്ട്. (1)

**5. പഠനലക്ഷ്യം**

- വിവരശേഖരണത്തിലൂടെ അസ്ഥിയുമായി ബന്ധപ്പെട്ട പ്രഥമശുശ്രൂഷകൾ മനസിലാക്കുകയും ആവശ്യമുള്ള സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നതിന്.

**വിലയിരുത്തൽ സൂചകങ്ങൾ**

a). സ്പ്ലിന്റ് (1)
സ്പ്ലിന്റ് കെട്ടുന്ന രീതിയും അനുയോജ്യമായ സാമഗ്രികളും എഴുതിയിട്ടുണ്ട്. (2)

b) എല്ലുകളുടെ ആരോഗ്യത്തിന് കാത്സ്യവും വിറ്റാമിൻ D യും അടങ്ങിയ ഭക്ഷണം കഴിക്കണം എന്ന ആശയം ഉൾപ്പെടുത്തി എഴുതിയിട്ടുണ്ട്. (2)

**6. പഠനലക്ഷ്യം**

- നിരീക്ഷണം, വിവരശേഖരണം എന്നിവയിലൂടെ കോശഘടന തിരിച്ചറിയുന്നതിനും സസ്യകോശവും ജന്തുകോശവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ കണ്ടെത്തുന്നതിനും.

**വിലയിരുത്തൽ സൂചകങ്ങൾ**

a) ന്യൂക്ലിയസ്, കോശദ്രവ്യം, കോശസ്തരം, റൈബോസോം, ഫേനം തുടങ്ങി ഏതെങ്കിലും 4 എണ്ണം എഴുതിയിട്ടുണ്ട്. (2)

b) (1) റൈബോസോം, (2) ന്യൂക്ലിയസ് (2)

c) C. പ്രസ്താവന i, iv ശരി (1)